# വ്യാജോപദേഷ്ടാക്കന്മാർ : ലൈംഗിക പാപവും പണസ്നേഹവും

സാക് പുന്നൻ

WFTW 22 മെയ് 2016

പത്രൊസ് പറയുന്നു : 'അന്ന് ദൈവജനത്തിൻറെ ഇടയിൽ കള്ളപ്രവാചകന്മാരുമുണ്ടായിരുന്നു, അതുപോലെ നിങ്ങളുടെ ഇടയിലും വ്യാജോപദേഷ്ടാക്കന്മാരും ഉണ്ടാവും. അവർ ബുദ്ധിപാർവ്വം ദൈവത്തേക്കുറിച്ചുള്ള അവരുടെ നുണകൾ പറയും....ലൈംഗിക പാപങ്ങൾ ഒന്നും തെറ്റല്ല എന്നുള്ള അവരുടെ ദുരുപദേശത്തെ അനേകർ പിന്തുടരും. അവ നിമിത്തം ക്രിസ്തുവും അവിടുത്തെ മാർഗ്ഗവും അപമാനിക്കപ്പെടും. ഈ ഉപദേഷ്ടാക്കന്മാർ തങ്ങളുടെ അത്യാഗ്രഹത്തിൽ നിങ്ങളുടെ പണം കൈക്കലാക്കാൻ വേണ്ടി നിങ്ങളോട് എന്തും പറയും'(2 പത്രൊ.2:13 ലിവിംഗ്).

ഒരു വ്യാജ ഉപദേഷാടാവിനെ തിരിച്ചറിയാനുള്ള പ്രധാനമായ രണ്ട് മാർഗ്ഗങ്ങൾ ഇവിടെ ശ്രദ്ധിക്കുക ലൈംഗിക പാപവും പണസ്നേഹവും (2 പത്രൊ.2:2,3). ഒരു പ്രസംഗകൻറെ ഉപദേശങ്ങൾ നിഷേധിച്ചിട്ടല്ല പ്രാഥമികമായി ഒരു വ്യാജ ഉപദേഷ്ടാവിനെ സത്യമായതിൽ നിന്ന് വേർതിരിച്ചറിയാൻ കഴിയുന്നത്. കാരണം തങ്ങളുടെ ഉപദേശങ്ങൾ എല്ലാം ശരിയായിട്ടുള്ള അനേകം വ്യാജ ഉപദേഷ്ടാക്കന്മാർ ഉണ്ട്. ഗീതയിൽ നിന്നൊ ഖുറാനിൽ നിന്നോ പ്രസംഗിച്ചുകൊണ്ട് ഒരു പ്രസംഗകൻ വരികയോ യേശുക്രിസ്തു ദൈവമല്ലെന്ന് പറയുകയോ ചെയ്താൽ യഥാർത്ഥ ക്രിസ്ത്യാനികൾ ആരും അയാളാൽ വഞ്ചിക്കപ്പെടുകയില്ല. എന്നാൽ ബൈബിളിൽ നിന്ന് പ്രസംഗിച്ചുകൊണ്ട് ആരെങ്കിലും വന്ന് ക്രിസ്തീയ വിശ്വാസത്തിൻറെ എല്ലാ അടിസ്ഥാന ഉപദേശങ്ങളും പ്രസംഗിച്ചാൽ, മിക്ക ക്രിസ്ത്യാനികളും ഒരിക്കലും അയാളെ ഒരു വ്യാജ ഉപദേഷ്ടാവായി കണക്കാക്കുകയേ ഇല്ല. എന്നാൽ പത്രോസ് ഇവിടെ പറയുന്നത്, വ്യാജോപദേഷ്ടാക്കന്മാരുടെ പ്രാഥമികമായ അടയാളം, ലൈംഗിക പാപത്തോടുള്ള അവരുടെ അയഞ്ഞ നിലപാടും അവരുടെ പണത്തോടുള്ള അത്യാഗ്രഹവുമാണെന്നാണ് (2 പത്രൊ.2:2,3). അവരുടെ കണ്ണുകൾ നിറയെ വ്യഭിചാരമാണ്. അതുകൊണ്ട് എല്ലാ സഹോദരിമാർക്കും ഞാൻ മുന്നറിയിപ്പ് നൽകുന്നു : 'നിങ്ങളെ മോഹത്തോടെ നോക്കുന്നു എന്നു തോന്നുന്ന, തങ്ങളുടെ കണ്ണുകൾ നിർമ്മലമല്ലാത്ത, ഏതൊരു പ്രസംഗകനെയും സൂക്ഷിച്ചുകൊൾക. നിങ്ങൾ നിങ്ങളുടെ ജീവനെ വിലമതിക്കുന്നെങ്കിൽ അങ്ങനെയുള്ള പ്രസംഗകരിൽ നിന്ന് അകന്നു നിൽക്കുക. അതുപോലെ സഹോദരന്മാരോടും സഹോദരിമാരോടും ഞാൻ പറയുന്നു, തൻറെ ശുശ്രൂഷക്കുവേണ്ടി നിങ്ങളുടെ പണം കൊടുക്കുവാൻ നിങ്ങളെ നിർബന്ധിക്കുകയും, ദൈവവചനം ഉദ്ധരിച്ചുകൊണ്ട് കൊടുക്കുവാൻ നിങ്ങളിൽ സമ്മർദ്ദം ചെലുത്തുകയും ചെയ്യുന്ന ഏതൊരു പ്രസംഗകനിൽ നിന്നും അകന്നു മാറുക. സുവിശേഷ പ്രഘോഷണത്തിലൂടെ സമ്പന്നന്മാരായ പ്രസംഗകരെ സൂക്ഷിക്കുക. ലൈംഗിക അശുദ്ധിയും പണത്തിനോടുള്ള അത്യാഗ്രഹവും ദുരുപദേഷ്ടാക്കന്മാരുടെ പ്രാഥമികമായ രണ്ട് അടയാളങ്ങളാണ്. ഒരു പ്രസംഗകനിൽ ഈ രണ്ട് കാര്യങ്ങൾ ഉണ്ടോ എന്ന് നിങ്ങൾ സൂക്ഷിക്കുമെങ്കിൽ അനേകം വ്യാജോപദേഷ്ടാക്കന്മാരിൽ നിന്നും നിങ്ങൾ രക്ഷിക്കപ്പെടും.

പിന്നീട് പത്രോസ് പറയുന്നത്,

1. നോഹയുടെ കാലത്ത് പാപം ചെയ്ത ദൂതന്മാരെയും

2. പുരാതനലോകത്തിലെ ഭക്തികെട്ട മുഴുവൻ ജനങ്ങളെയം (നോഹയുടെ കുടുംബം ഒഴികെ)

3. സോദോമിനെയും ഗോമാറായിലെ ജനങ്ങളെയും

4. കള്ളപ്രവാചകനായ ബിലെയാവിനെയും ദൈവം ശിക്ഷിച്ചതുപോലെ തന്നെ അവിടുന്ന് എല്ലാ വ്യാജ ഉപദേഷ്ടാക്കന്മാരെയും കഠിനമായി ശിക്ഷിക്കും എന്നാണ് (2 പത്രൊ.2:416). ഇവിടെ നോഹ വിളിക്കപ്പെട്ടിരിക്കുന്നത് 'നീതിപ്രസംഗി' എന്നാണ് (2 പത്രൊ.2:5). നോഹയുടെ നളുകൾ പോലെ ആയിത്തീർന്നിരിക്കുന്ന ഈ അന്ത്യനാളുകളിൽ ദൈവത്തിനാവശ്യം അതുപോലെയുള്ള പ്രസംഗികളെയാണ്. ഒരിക്കൽകൂടി പത്രൊസ് വ്യാജോപദേഷ്ടാക്കന്മാരുടെ പ്രാഥമിക ലക്ഷണത്തെക്കുറിച്ച് ആവർത്തിക്കുന്നു വ്യഭിചാരവും, അത്യാഗ്രഹവും (2 പത്രൊ.2:14). ബിലയാവിൻറെ കാര്യത്തിൽ, അവൻറെ കഴുതക്ക് 'ആ പ്രവാചകനെ' ക്കാൾ ദൈവത്തേക്കുറിച്ച് കൂടുതൽ അറിയാമായിരുന്നു. ഇന്നത്തെ വ്യാജ ഉപദേഷ്ടാക്കന്മാരുടെ കാര്യത്തിലും അത് അങ്ങനെയന്നെയാണ്. അവർ മൃഗത്തെക്കാൾ വഷളാണ്.

ഈ വ്യാജ ഉപദേഷ്ടാക്കന്മാർ ഒരു കാലത്ത് നീതിയുടെ മാർഗ്ഗം അറിഞ്ഞിരുന്നവരാണ്. എന്നാൽ ഇന്ന് അവർ പിന്മാറിയിരിക്കുന്നു (2 പത്രൊ.2:21). കുളിപ്പിച്ചതിനുശേഷം പിന്നെയും ചെളിയിൽ ഉരുളാൻ പോകുന്ന പന്നിയെപോലും, സ്വന്തം ഛർദ്ദിയിലേക്കു തിരിയുന്ന നായയെപ്പോലും അവർ ആയിത്തീർന്നിരിക്കുന്നു (2 പത്രൊ.2:22). ഇന്ന് ലോകത്തിൽ അനേകം വ്യാജ ഉപദേഷ്ടാക്കന്മാരും കള്ള പ്രവാചകന്മാരും ഉണ്ട്. അവർ വളരെ പരമാർത്ഥികളായി തുടക്കം കുറിച്ചുവെച്ചവരാണ്. എന്നാൽ ഇന്ന് കുളിപ്പിച്ച പന്നിയേപ്പോലെ ആയിരിക്കുന്നു. എന്നാൽ അവർ ഒരിക്കലും ദൈവീകസ്വഭാവത്തിൻറെ പങ്കാളികളായി തീർന്നില്ല.

ദിവ്യസ്വഭാവത്തിന് കൂട്ടാളികളായി രൂപാന്തരപ്പെടുന്നതിനു പകരം അവർ വൃത്തിയുള്ള പന്നികളായി അവശേഷിച്ചു. ദൈവീക സ്വഭാവത്തിന് പങ്കാളികളാകുന്നതിനു പകരം അവർ നായ്ക്കളായി നിലനിന്നു. മറ്റു വാക്കുകളിൽ പറഞ്ഞാൽ, അവരുടെ വൃത്തി എല്ലാം പുറമെ ഉള്ളതായിരുന്നു. ദൈവത്തോട് ചേർന്നുള്ള അവരുടെ ആന്തരിക നടപ്പിനേക്കുറിച്ച് അവർ ഒരിക്കലും ശ്രദ്ധിച്ചില്ല. അതുകൊണ്ട് കുറച്ചുനാളുകൾ കഴിഞ്ഞപ്പോൾ അവർ ഛർദ്ദിച്ചത് ഭക്ഷിക്കാനായും, അഴുക്കിലേക്കും തിരിച്ചുപോയി.